# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി8)1567/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി8)1567/2021 തീയ്യതി: 18/05/2022

## തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 02-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2021 | 02-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി,ഓഡിറ്റ് ഓഫീസർ
ശ്രീ ശിവദാസൻ.എ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ്.എം.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സിജോ തോമസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.കെ സുകുമാരൻ | പ്രസിഡന്റ് | 01-04-2019 | 04-08-2019 |
| ശ്രീമതി ശോഭ സുഭാഷ് | പ്രസിഡന്റ് | 05-08-2019 | 31-03-2020 |
| ശ്രീമതി റെജിപോൾ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീമതി ബിന്ദു.കെ | സെക്രട്ടറി | 24-04-2019 | 27-06-2019 |
| ശ്രീമതി റെജിപോൾ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-06-2019 | 14-07-2019 |
| ശ്രീ മധുസൂദനൻ.ടി.ജി | സെക്രട്ടറി | 15-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അജിത്ത്. സി.ബി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി നിഷ. സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ധ്യ. വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ആഷ. പി.എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. സിനി. സി. ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ. ജീനാകുമാരി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി കോമളവല്ലി. എം.ആർ | പ്രധാനാധ്യാപിക (ഗവ. എൽ.പി.എസ്. മാള) | 01-04-2019 | 31-03-2020 |
| ഡോ. ഷിബു. പി.വി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷിഫാന. പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മാള സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി ഷിഫാന. പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അഷ്ടമിച്ചിറ സർക്കിൾ) | 01-04-2019 | 07-07-2019 |
| ശ്രീമതി രാഗി ഏണസ്റ്റ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അഷ്ടമിച്ചിറ സർക്കിൾ) | 08-07-2019 | 31-08-2019 |
| ശ്രീമതി ജയശ്രീ. എം. എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അഷ്ടമിച്ചിറ സർക്കിൾ) | 01-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി റെജിപോൾ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീ ജോബി ജോസ് | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2019 | 29-07-2019 |
| ശ്രീമതി രശ്മി. പി. വി | അസിസ്റ്റന്റ് സെക്രട്ടറി | 30-07-2019 | 31-03-2020 |
| ശ്രീ ഐവിൻ ഗോഡ്വിൻഡിസിൽവ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| ശ്രീ നിഷാന്ത്. പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 22-07-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sijo Thomas (Auditor, On 02-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-04-2022) | 1-9 |
| 10 | റേഷ്യോസ് ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-10 |
| 11 | ഡിമാന്റ് എൻട്രി ഒറ്റ തവണ മാത്രം<br>Written By: Sumitha T.S (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-11 |
| 12 | സഞ്ചയ ഡിസിബി ഹാജരാക്കിയിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-12 |
| 13 | അഡ്വാൻസ് തുക ക്രമീകരിച്ചത് ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-13 |
| 14 | ജേണൽ എൻട്രികൾക്ക് വൗച്ചർ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-14 |
| 15 | വരവ് ലെഡ്ജറുകളുമായി ഡിമാന്റ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്<br>Written By: Sumitha T.S (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-15 |
| 16 | അഡ്വാൻസ് തുകകൾ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-04-2022) | 1-16 |
| 17 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-17 |

| | | |
|---|---|---|
| 18 | രേഖകൾ ഇല്ലാതെ ജേണൽ എൻട്രി-ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-18 |
| 19 | ജേണൽ എൻട്രികൾക്ക് വൗച്ചർ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-19 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-20 |
| 21 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-04-2022) | 1-21 |
| 22 | ഡിപ്രിസിയേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-22 |
| 23 | തൊഴിലുറപ്പ് പദ്ധതി -കോൺക്രീറ്റ് റോഡ് നിർമ്മാണം മൂലധന ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-23 |
| 24 | ക്ലോസിങ്ങ് സ്റ്റോക്ക് - സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-24 |
| 25 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-25 |
| 26 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-26 |
| 27 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 06-05-2022) | 1-27 |
| 28 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് തുല്യമായ ബാധ്യത ശീർഷകം ബി4 ഷെഡ്യൂളിൽ ഇല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-28 |
| 29 | കാലാവധി കഴിഞ്ഞ ചെക്ക് ലയബിലിറ്റി ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-29 |
| 30 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടുത്തിയില്ല<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-30 |
| 31 | വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-31 |
| 32 | ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെട്ട തുകകൾ പരിശോധിക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-32 |
| 33 | റോഡ് റെസ്റ്റോറേഷൻ തുക ബി4 ഷെഡ്യൂളിലേക്ക് മാറ്റേണ്ടതാണ്<br>Written By: Sumitha T.S (Asst. Audit Officer, On 08-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-33 |
| 34 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ<br>Written By: Sijo Thomas (Auditor, On 02-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-34 |
| 35 | നഞ്ച ഭൂമിയിലെ നിർമ്മാണം നിയമാനുസൃത രേഖ ഇല്ലാതെ പെർമിറ്റ് | 1-35 |

| | | |
|---|---|---|
| | അനുവദിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | |
| 36 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ,സ്കാനർ വാങ്ങൽ -വിതരണം ചെയ്യാതിരുന്ന പ്രിന്ററിന്റെ തുക കെൽട്രോണിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 22-04-2022) | 1-36 |
| 37 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-04-2022) | 1-37 |
| 38 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ,തെരുവ് വിളക്ക് പരിപാലനം കേടായ ബൾബുകൾ മാറ്റിവാങ്ങുന്നത് സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-38 |
| 39 | മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-39 |
| 40 | എസ് എസ് കെ വിഹിതം നൽകൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-40 |
| 41 | ഭരണാനുമതിയും സാങ്കേതികാനുമതിയും നേടിയ പദ്ധതികൾ മതിയായ കാരണമില്ലാതെ ഉപേക്ഷിക്കുന്നത് അഭ്യന്തരനിയന്ത്രണത്തിന്റെ പരാജയം<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-41 |
| 42 | ഇമൽഷൻ സമയത്തിന് ലേലം ചെയ്യാതെ പഞ്ചായത്തിന് 292959 രൂപയുടെ നഷ്ടം വരുത്തി<br>Written By: Sivadasan A K (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 1-42 |
| | **ഭാഗം 2** | |
| 1 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ<br>Written By: Sheena K T (Audit Officer, On 31-03-2022)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 2-1 |
| 2 | ഇമൽഷൻ സമയത്തിന് ലേലം ചെയ്ത് നൽകിയില്ല. പഞ്ചായത്തിന് 292959 രൂപയുടെ നഷ്ടം<br>Written By: Sivadasan A K (Asst. Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-05-2022) | 2-2 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 01-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 01-11-2021)<br>Last Updated By: Sheena K T (Audit Officer, On 06-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 01-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-04-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 01-11-2021) | 4-4 |

| | | |
|---|---|---|
| | Last Updated By: Shobby.V.P (Audit Officer, On 06-05-2022) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 01-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 01-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-04-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sheena K T (Audit Officer, On 01-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-04-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 01-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 01-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 06-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saleesh M.G (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-04-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 23-2-2019 | 2(1) | 229527420 | 219883530 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 7-3-2020 | 1(1) | 150318637 | 143221593 |

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2020 | 19-06-20 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29869504.97 |
| വരവ് | 84632759 |
| ആകെ | 114502263.97 |
| ചെലവ് | 69009600 |
| നീക്കിയിരിപ്പ് | 45492663.97 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 18397765 | 12438216 | 5959549 |
| വികസനഫണ്ട്-എസ് സി പി | 13646882 | 7328709 | 6318173 |
| വികസനഫണ്ട്-ടി എസ് പി | 94000 | . | 94000 |
| മെയിന്റനൻസ്-റോഡ് | 11567000 | 4947924 | 6619076 |
| മെയിന്റനൻസ്-റോഡിതരം | 4559000 | 2603594 | 1955406 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 11767901 | 4450815 | 7317086 |
| ടൈഡ് | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 201 | 103705387 | 120 | 44177563 | . | 81 | 59.7 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3277.5 | 1111618 | 1114895.5 | 1114895.5 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 21225762 | 21225762 | 21225762 | |

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 18840 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 3841800 | 1298 |
| വിധവാ പെൻഷൻ | 8467200 | 2853 |
| വാർദ്ധക്യകാല പെൻഷൻ | 15051600 | 5038 |
| വികലാംഗ പെൻഷൻ | 2291800 | 760 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 493200 | 164 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-10-2021 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,662/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ, പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല.

## 1-10 റേഷ്യോസ് ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11 ഡിമാന്റ് എൻട്രി ഒറ്റ തവണ മാത്രം

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ മാള ഗ്രാമപഞ്ചായത്തിൽ 248 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ ഉടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ

വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 സഞ്ചയ ഡിസിബി ഹാജരാക്കിയിട്ടില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കുമായി ഒത്തു നോക്കുന്നതിന് സഞ്ചയയിൽ നിന്നുള്ള ഡിസിബി സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ സാധിച്ചില്ല.

## 1-13 അഡ്വാൻസ് തുക ക്രമീകരിച്ചത് ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ നോൺ റെസിഡൻഷ്യൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആധാരമായ വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1. | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 96674 | 112800 |

## 1-14 ജേണൽ എൻട്രികൾക്ക് വൗച്ചർ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ | 130100101- | 2884657(31.3.2020 | 7.6.2019 | 41900049 |

| | | | | | |
|---|---|---|---|---|---|
| | നിന്നുള്ള വാടക( 51കെട്ടിടങ്ങൾ) | Rent From Building | ൽ ആയതിൽ നിന്ന് 904587 രൂ കുറവ് ചെയ്ത് .2019-20 ലെ യഥാർത്ഥ ഡിമാന്റ് 1980070 രൂപയായി കുറച്ചു) | | |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വരവ് ലെഡ്ജറുകളുമായി ഡിമാന്റ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4 വാടക ഡിമാന്റ് രജിസ്റ്റർ

5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-16 അഡ്വാൻസ് തുകകൾ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 960 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 357500 |

## 1-17 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-18 രേഖകൾ ഇല്ലാതെ ജേണൽ എൻട്രി-ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000 - Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 42423.00 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (803367.00) |
| 280100102-Prior Period Income-professional Traders | (5310.00) |
| 280800401-Prior Period -Interest And Finance Charge | (1214115.00) |

## 1-19 ജേണൽ എൻട്രികൾക്ക് വൗച്ചർ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-21 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15623159.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,79,70,630.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-22 ഡിപ്രിസിയേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 73,17,665.00 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-23 തൊഴിലുറപ്പ് പദ്ധതി -കോൺക്രീറ്റ് റോഡ് നിർമ്മാണം മൂലധന ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 2,12,25,762.00 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ കോൺക്രീറ്റ് റോഡുകൾ നിർമിക്കുന്നതിനുള്ള 18,21,401 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|

| | | |
|---|---|---|
| 1. | പഴുക്കര മൊയ്ലൻ കമ്പനി ലിങ്ക് റോഡ് കോൺക്രീറ്റിങ്ങ് | 179099 |
| 2. | ഗ്രേയ്സ് റോഡ് കോൺക്രീറ്റിങ്ങ് | 142577 |
| 3. | തേമാലി റോഡ് കോൺക്രീറ്റിങ്ങ് | 94689 |
| 4. | പ്രതിഭ കോളേജ് റോഡ് കോൺക്രീറ്റിങ്ങ് | 447046 |
| 5. | മൂതയിൽ അമ്പലം റോഡ് കോൺക്രീറ്റിങ്ങ് | 315532 |
| 6. | ശങ്കരൻകാവ് റോഡ് കോൺക്രീറ്റിങ്ങ് | 455212 |
| 7. | സതീർത്ഥ്യ റോഡ് കോൺക്രീറ്റിങ്ങ് | 187246 |
| | ആകെ | 1821401 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 18,21,401 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 18,21,401 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-24 ക്ലോസിങ്ങ് സ്റ്റോക്ക് - സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ്ങ് സ്റ്റോക്ക് 0 ആണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ (ഉദാ പേജ് 59) സ്റ്റോക്ക് ബാലൻസ് ഉണ്ട്. ആയതിനാൽ വർഷാന്ത്യമൂല്യം 0 ആയി രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണ്. രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ വില രേഖപ്പെടുത്തുന്നില്ല. തെരുവ് വിളക്കുകൾക്ക് മാത്രമായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതും ആയത് വ്യക്തതയോടും കൃത്യതയോടും കൂടി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-25 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ബാലൻസ് എഴുതി ക്ലോസ് ചെയ്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-26 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

അഡ്വാൻസ് രജിസ്റ്ററിൽ ബാലൻസ് എഴുതി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-27 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി – 4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2020ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/2020 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം -Capital | 25376 | 450650109 | Treasury Special TSB-Joint Venture | 1270281 |
| 2 | 320700204 | ബ്ലോക്ക് വിഹിതം- റവന്യൂ | 1377462 | | | |
| 3. | 320700205 | ജില്ലാ പഞ്ചായത്ത് | 453759 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | റവന്യൂ | | | | |
| | | ആകെ | 1856597 | | | |

## 1-28 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് തുല്യമായ ബാധ്യത ശീർഷകം ബി4 ഷെഡ്യൂളിൽ ഇല്ല.

ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി – 4 ൽ കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1. | 450610104 | UBI-Mala-Plan | 8052.00 |
| 2. | 450630101 | Jalanidhi-TDCB | 3739446.00 |

## 1-29 കാലാവധി കഴിഞ്ഞ ചെക്ക് ലയബിലിറ്റി ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| 21900245 | 12.6.2019 | 24086 |

## 1-30 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടുത്തിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 6,55,959/- രൂപയാണ്. (മാള കുളം നവീകരണം പദ്ധതി നമ്പർ - 135/2020) എന്നാൽ 31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0 രൂപയാണ്.

## 1-31 വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ഈയിനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-32 ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെട്ട തുകകൾ പരിശോധിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി9ൽ 350800119 എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്ന 3,25,812 രൂപയിൽ 2,18,102 രൂപ ചിയാക് പ്രോഗ്രാമിന് ലഭിച്ചതായാണ് ലെഡ്ജറിൽ രേഖപ്പെടുത്തിയിരിക്കുന്നത് 350800299 അദർ ലയബിലിറ്റീസിൽ ഉൾപ്പെട്ട 58,520 രൂപ വിമുക്തിക്ക് ലഭിച്ച ഫണ്ടും 1,07,710 രൂപ Unknown Amountഉം ആയാണ് ലെഡ്ജറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ചിയാക് പ്രോഗ്രാം, വിമുക്തി എന്നിവ ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഇല്ലാത്ത പക്ഷം ബി4 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. Unknown Amount ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 റോഡ് റെസ്റ്റോറേഷൻ തുക ബി4 ഷെഡ്യൂളിലേക്ക് മാറ്റേണ്ടതാണ്

ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന 350410201 എന്ന ഹെഡ്ഡിലെ തുക 28,12,482 രൂപ റോഡ് റെസ്റ്റോറേഷനു വേണ്ടി ജലനിധിയിൽ നിന്ന് ലഭിച്ചതാണ്. ആയത് ബി 4 ലേക്ക് മാറ്റേണ്ടതാണ്.

## 1-34 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവേ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. ( കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

I. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | DR.രാജു ഡേവിസ് ഇന്റർനാഷണൽ സ്കൂൾ | I,II |
| 2. | മാളവീയം കറീസ് | II |
| 3. | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് | II |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.42/19-20, തീയതി: 01.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

II. നെറ്റ് സാലറിയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി

2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്ററും സ്ഥാപന ഉടമകൾ സമർപ്പിച്ചിരിക്കുന്ന റിട്ടേണുകളും ഒത്തു നോക്കിയപ്പോൾ St. Joseph's English Medium School, Pazhookkara എന്ന സ്ഥാപനം ജീവനക്കാരുടെ ഗ്രോസ് സാലറിയ്ക്ക് പകരം ESI+PF തുക കിഴിച്ച് നെറ്റ് സാലറിയുടെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത്. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

2019-20 അർദ്ധ വർഷം – I

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഗ്രോസ് സാലറി | നെറ്റ് സാലറി പ്രകാരം ഈടാക്കിയ തുക | ഗ്രോസ് സാലറി പ്രകാരം ഈടാക്കേണ്ടിയിരുന്ന തുക | കുറവ് |
|---|---|---|---|---|---|
| 1 | Jose K Kalan | 198800 | 1000 | 1250 | 250 |
| 2 | Sr.Fiji Joseph | 102200 | 750 | 1000 | 250 |
| 3 | Sindhu John | 82400 | 600 | 750 | 150 |
| 4 | Sinda K L | 82400 | 600 | 750 | 150 |
| 5 | Sharlet Paiva | 75166 | 600 | 750 | 150 |
| 6 | Saumia.P.S. | 61643 | 450 | 600 | 150 |
| 7 | Roshni Joseph | 81000 | 600 | 750 | 150 |
| 8 | Jimcy Alapatt | 60800 | 450 | 600 | 150 |
| 9 | Padm Bhatt N | 60000 | 450 | 600 | 150 |
| 10 | Baby Kurian | 60000 | 450 | 600 | 150 |
| 11 | Bincy Varghese | 45000 | 300 | 450 | 150 |
| 12 | Shiny Babu | 62400 | 450 | 600 | 150 |
| | ആകെ | | | | 2000 |

2019-20 അർദ്ധ വർഷം – II

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഗ്രോസ് സാലറി | നെറ്റ് സാലറി പ്രകാരം ഈടാക്കിയ തുക | ഗ്രോസ് സാലറി പ്രകാരം ഈടാക്കേണ്ടിയിരുന്ന തുക | കുറവ് |
|---|---|---|---|---|---|
| 1 | Tephy D Kadambat | 60600 | 450 | 600 | 150 |
| 2 | Sr.Fiji Joseph | 102900 | 750 | 1000 | 250 |
| 3 | Sindhu John | 83100 | 600 | 750 | 150 |

| | | | | | |
|---|---|---|---|---|---|
| 4 | Sinda.V.C. | 83100 | 600 | 750 | 150 |
| 5 | Sharlet Paiva | 76500 | 600 | 750 | 150 |
| 6 | Saumia.P.S. | 67952 | 450 | 600 | 150 |
| 7 | Beena M Joseph | 60000 | 450 | 600 | 150 |
| 8 | Jijoy P Francis | 60000 | 450 | 600 | 150 |
| 9 | Pavitha.C.P. | 61200 | 450 | 600 | 150 |
| 10 | Sr.Kiran Puniawati | 60000 | 450 | 600 | 150 |
| 11 | Namitha Vazhappilly | 60600 | 450 | 600 | 150 |
| 12 | Rachana Ravindran | 60000 | 450 | 600 | 150 |
| 13 | Rani Johny | 60600 | 450 | 600 | 150 |
| 14 | Shiny Babu | 63000 | 450 | 600 | 150 |
| | | | | ആകെ | 2200 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 43/ 01.11.2021 മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഗ്രോസ് സാലറിയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേലാൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-35 നഞ്ച ഭൂമിയിലെ നിർമ്മാണം നിയമാനുസൃത രേഖ ഇല്ലാതെ പെർമ്മിറ്റ് അനുവദിച്ചു.

ഫയൽ നമ്പർ-എഫ് 9678/19/19.12.2019

സർവ്വെ നമ്പർ-318/1&317

പി ആർ ആന്റു പറക്കാട്ട് കുരുവിലശ്ശേരി എന്ന വ്യക്തി 83.53 എം2 കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ സർവ്വെ 317 നിലമായതിനാൽ അപാകത ചൂണ്ടിക്കാട്ടി ടിയാൾക്ക് കത്ത് അയക്കുകയും നഞ്ച ഭൂമി ഒഴിവാക്കി പ്ലാൻ സമർപ്പിച്ചു എന്ന് നോട്ടിൽ രേഖപ്പെടുത്തി എഫ് 9678/20/8.1.2020 പ്രകാരം ടിയാൾക്ക് പെർമ്മിറ്റ് അനുവദിച്ചു. എന്നാൽ ഫയലിലെ പ്ലാനിൽ മാർക്ക് ചെയ്യുതല്ലാതെ നഞ്ച ഭൂമിയിൽ അല്ല നിർമ്മാണം നടത്തിയിരിക്കുന്നതെന്ന് തെളിയിക്കുന്ന യാതൊരു ആധികാരിക രേഖയും (വില്ലേജ് സ്കെച്ച്) ഫയലിൽ ഇല്ല. നിർമ്മാണം നടത്തിയിരിക്കുന്നത് നഞ്ച ഭൂമിയിൽ അല്ല എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-36 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ,സ്കാന്നർ വാങ്ങൽ -വിതരണം ചെയ്യാതിരുന്ന പ്രിന്ററിന്റെ തുക കെൽട്രോണിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ, സ്കാന്നർ എന്നിവ വാങ്ങിയതിന് താഴെപറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി നമ്പർ | 38/2020 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നമ്പർ,തിയതി,തുക | 27/2020,11.03.2020,70038 (വൗച്ചർ നമ്പർ 21901276) |

പ്രിന്റർ ലഭ്യമാക്കാതിരുന്നതിനാൽ 22/12/2020 ലെ ITBG/ITP/RC/RFND/188/20-21 കത്ത് പ്രകാരം കെൽട്രോൺ 10,090 രൂപ റീഫണ്ടിന് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക കെൽട്രോണിൽ നിന്നും തിരികെ ലഭിച്ചോ എന്നും ആയത് സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയോ എന്നും ഓഡിറ്റ് എൻക്വയറി 18/27.10.21 ന് 02.11.21 നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. കെൽട്രോണിൽനിന്നും തുക ലഭ്യമാക്കി സഞ്ചിതനിധിയിൽ അടവാക്കേണ്ടതും വിശദാംശങ്ങൾ

ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 10,090 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപറയുന്ന പദ്ധതികളിൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പദ്ധതി നമ്പർ, പേര് | ബിൽ നമ്പർ,തിയതി | തുക | തുക ലഭിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | 47/20,ക്യാൻ തൃശ്ശൂർ-ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ | 16/19-20,(21901175) 28.09.2019, 80000 വികസനഫണ്ട് (പൊതുവിഭാഗം) | 80000 | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| 2 | 214/20,എ.ബി.സി പ്രോഗ്രാം- വിഹിതം കൈമാറൽ | 21900671/10-10-2019 തുക-210000 രൂപ തനത് ഫണ്ട് | 210000 | കുടുംബശ്രീ ജില്ലാമിഷൻ, തൃശ്ശൂർ |
| 3 | 215/20,വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | ബിൽ നമ്പർ 24/19-20 (21901448) തിയതി30-12-2019 തുക-100000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 100000 | കെ.എസ്.ഇ.ബി ചാലക്കുടി |
| 4 | 216/20,ജല നിധി പഞ്ചായത്ത് വിഹിതം കൈമാറൽ. | 21900732/23.10.2019-36316 21900789/07.11.2019-632373 തനത്ഫണ്ട് | 668689 | എസ്.എൽ.ഇ.സി ജലനിധി ,മാള |
| | | ആകെ | 1058689 | |

എ.ബി.സി പ്രോഗ്രാം എന്ന പദ്ധതിയിൽ കൈമാറിയ തുക നിർണ്ണയിക്കുന്നതോ ആവശ്യപ്പെടുന്നതോ ആയ രേഖ /ഉത്തരവ് പരിശോധനയ്ക്ക് നൽകേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 30/30.10.2021). 10,58,689 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-38 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ,തെരുവ് വിളക്ക് പരിപാലനം കേടായ ബൾബുകൾ മാറ്റിവാങ്ങുന്നത് സംബന്ധിച്ച്

നവഭാരത് ഏജൻസീസ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 2019-20 ൽ LED ട്യൂബുകൾ/ ബൾബുകൾ വാങ്ങിയിട്ടുണ്ട്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി നമ്പർ | 13/2020, തെരുവു വിളക്കിനുവേണ്ടി സാമഗ്രികൾ വാങ്ങൽ |
| ഫണ്ട് | തനത് ഫണ്ട് |
| ബിൽ നമ്പർ,തിയതി,തുക | 21901172 Dt29.02.2020-102250<br>21901173 Dt29.02.2020-301550 |

No:D-8015/2020 നമ്പറായി 05.07.2020 ന് നവഭാരത് ഏജൻസീസ്, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയ കത്തിൽ 110 LED ബൾബുകൾ മാറ്റിത്തരാൻ ആവശ്യപ്പെട്ടിട്ടുണ്ട് (2020-21 ലെ 08/21 നമ്പറായ തെരുവുവിളക്ക് പരിപാലനം എന്ന പദ്ധതിയുടെ ഫയൽ പ്രകാരം)

ഇക്കാര്യത്തിൽ വിതരണക്കാർ ഉപകരണങ്ങൾ മാറ്റിനൽകിയോ എന്നും ഇല്ലെങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 34/30.10.2021)

## 1-39 മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥയായ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ബിൽ നം.57/10-1-2020 പ്രകാരം 90,640/- രൂപാ കേരളാ മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയെങ്കിലും 87,917/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. ബാക്കി 2,723/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 എസ് എസ് കെ വിഹിതം നൽകൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്

പദ്ധതി നമ്പർ – 5/2020 (ജനറൽ)

പദ്ധതി നമ്പർ – 242/2020 (എസ് സി പി)

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്

ബിൽ നമ്പർ – 3/30.2.2020-900000/-രൂപ (ജനറൽ)

ബിൽ നമ്പർ – 5/30.2.2020-50000/-രൂപ (എസ് സി പി)

എസ് എസ് കെ നൽകിയ എസ്റ്റിമേറ്റ് പ്രകാരം 41,20,403 രൂപക്കുള്ള ആകെ പ്രതീക്ഷിത ചെലവിന്റെ 40% ആയ 16,48,161 രൂപ ആണ് ഡിമാന്റ് ചെയ്തത്. എസ് സി ,ജനറൽ പദ്ധതികളിലായി 9,50,000/-രൂപ എസ് എസ് കെ ക്ക് നൽകിയിട്ടുണ്ട്. ഫൈനൽ യൂട്ടിലൈസേഷൻ പ്രകാരം ആകെ ചെലവ് 19,13,200 രൂപ ആണ്. ആയതിന്റെ 40% ആയ 7,65,280 രൂപ ആണ് എസ് എസ് കെ ക്ക് നൽകേണ്ടിയിരുന്നത്. അധികം നൽകിയ തുക വരും വർഷങ്ങളിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-41 ഭരണാനുമതിയും സാങ്കേതികാനുമതിയും നേടിയ പദ്ധതികൾ മതിയായ കാരണമില്ലാതെ ഉപേക്ഷിക്കുന്നത് അഭ്യന്തരനിയന്ത്രണത്തിന്റെ പരാജയം

മാള ഗ്രാമ പഞ്ചായത്തിൽ 18-19 ൽ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നേടിയ താഴെ ചേർക്കുന്ന പ്രോജക്ടുകൾ തികച്ചും യുക്തിസഹമല്ലാത്ത കാരണങ്ങളാൽ തുടർ വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ടുകളാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകളെല്ലാം തന്നെ പഞ്ചായത്തിന്റെ ആസ്തിപ്രദേശത്ത് നടത്തുന്നതിന് രൂപകല്പന ചെയ്തതാണ്. എന്നാൽ അനുയോജ്യമായ സ്ഥലം ലഭ്യമല്ല എന്നാണ് ഉപേക്ഷിക്കാനുള്ള കാരണമായി പലതിലും ചൂണ്ടിക്കാട്ടിയിട്ടുള്ളത്. സ്ഥലം ലഭ്യമല്ല എന്ന കാരണത്താൽ ഉപേക്ഷിച്ച രണ്ട് പ്രോജക്ടുകൾ ടെൻഡർ നടത്തി, ഭരണസമിതി അംഗീകരിച്ച്, സൈറ്റ് ഹാൻഡ് ഓവർ ചെയ്തതാണ്. ഇപ്രകാരം പ്രൊജക്ടുകൾ തയ്യാറാക്കുന്നതും പിന്നീട് ഉപേക്ഷിക്കേണ്ടി വരുന്നതും പ്രോജക്ടുകൾ തയ്യാറാക്കുന്നതിലേയും സൈറ്റ് പരിശോധിച്ച് സ്ഥാനം നിർണയിക്കുന്നതിലും എല്ലാം വരുന്ന സൂക്ഷ്മതക്കുറവാണ് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ് എന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

1. മാള മാർക്കറ്റിലെ പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം. ഉപേക്ഷിച്ചത്.

പ്രോജക്ട് നമ്പർ. 216/19

അടങ്കൽ തുക. 600000

എസ്റ്റിമേറ്റ് പി.എ.സി. 599292.04

ഫണ്ടിനം. ധനകാര്യകമ്മീഷൻ അവാർഡ്

ഈ പ്രവൃത്തിക്ക് ഭരണാനുമതിയും 14/02/2019 തിയ്യതിയിലെ LSGD/TS/2018-19/ 6895 ഉത്തരവ്വ പ്രകാരം സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. തുടർന്ന് ടെൻഡർ വിളിക്കുകയും 216/19 നമ്പറിലുള്ള ഇ-ടെൻഡറിൽ 06/03/2019 തിയ്യതിയിൽ താഴെ ചേർക്കും പ്രകാരം രണ്ട് ടെൻഡർ ലഭിച്ചിട്ടുണ്ട്. എന്നാൽ ടെൻഡർ പിന്നീട് കമ്മിറ്റി അംഗീകരിച്ചതായോ, മറ്റു നടപടികൾ സ്വീകരിച്ചതായോ രേഖകളില്ല. പിന്നീട് പ്രോജക്ട് സ്പിൽ ഓവർ ആക്കേണ്ടതില്ല എന്ന് 30/05/2019 ന് 01 നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ഈ പദ്ധതി സ്പിൽ ഓവർ ആക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ 20/05/2019 ൽ ഭരണസമിതിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കൃത്യമായ ഭരണാനുമതിയും, സാങ്കേതികാനുമതിയും ഉള്ള ഈ പ്രോജക്ടിന്റെ നടത്തിപ്പിനായുള്ള പ്രാഥമികമായ എല്ലാ പ്രവർത്തനങ്ങളും നടത്തിയിട്ടും പദ്ധതി ഉപേക്ഷിക്കുവാനുള്ള മതിയായ ഒരു കാരണവും ഭരണസമിതി രേഖപ്പെടുത്തിയതായി കണ്ടെത്താനായിട്ടില്ല.

2. മാള മാർക്കറ്റിലെ ജൈവ - അജൈവ പ്ലാന്റ് കെട്ടിടം റെനവേഷൻ

പദ്ധതിയുടെ പേര് റെനവേഷൻ എന്നാണെങ്കിലും എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പുതിയ ഒരു കെട്ടിടം നിർമ്മിക്കുന്നതായാണ് ചേർത്തിരിക്കുന്നത്. സൈറ്റ് പ്ലാനിൽ പ്രൊപ്പോസ്ഡ് സൈറ്റ് മാള മാർക്കറ്റിനകത്ത് കാണിച്ചിട്ടുണ്ട്.

5,50,000 രൂപയുടെ പ്രോജക്ടിന് 11/01/2018 തിയ്യതിയിലെ 5(3) തീരുമാനപ്രകാരം ഭരണാനുമതിയും, 02/02/2018 തിയ്യതിയിലെ LSGD/TS/2017-18/3551 തിയ്യതി. 02/02/2018 പ്രകാരം സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതി ടെൻഡർ ചെയ്യുകയും സിജാൻ ജോർജ് എന്നയാളുടെ 5,48,508 രൂപയുടെ ടെൻഡർ 11/03/2018 തിയ്യതിയിലെ 1-നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും 31/03/2018 ന് ശ്രീ.സിജാൻ ജോർജുമായി ചേർന്ന് 55/2017-18 /AE/Lsgd/mala നമ്പറിൽ കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. 31/03/2018 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ആയത് കോൺട്രാക്ടർ ഏറ്റു വാങ്ങിയതായും രേഖയുണ്ട്. വസ്തുത ഇതായിരിക്കെ ഈ പ്രവർത്തിക്ക് സ്ഥലം ലഭ്യമല്ല എന്നും ആയതിനാൽ പദ്ധതി ഒഴിവാക്കണമെന്നും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് കമ്മിറ്റിയോട് 19/12/2019 ന് A1/AE/LSGD/MALA നമ്പർ കത്തു പ്രകാരം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ടി പ്രവൃത്തി സ്പിൽ ഓവർ ആക്കേണ്ടതില്ല എന്ന് 30/05/2019 ന് 01 നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി തീരുമാനം നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെയാണോ എന്ന് വ്യക്തമല്ല. മാർക്കറ്റ് പഞ്ചായത്തിന്റെ ആസ്തിയായിരിക്കെ സൈറ്റ് പ്ലാനിൽ സ്ഥലം രേഖപ്പെടുത്തുകയും, പ്രാഥമികമായ നടപടികൾ എല്ലാം സ്വീകരിക്കുകയും എഗ്രിമെന്റ് ഒപ്പിടുകയും, സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്ത ശേഷം ഒരു പ്രവൃത്തി സ്ഥലം ലഭ്യമായില്ല എന്ന ന്യായം മുൻനിർത്തി ഉപേക്ഷിക്കാനിടയായതിന്റെ നിയമപരമായ സാധുതയും പഞ്ചായത്തിന് സമർപ്പിക്കാനായില്ല.

3. പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ മുലയൂട്ടുന്ന അമ്മമാർക്കുള്ള മുറി നിർമ്മാണം. ഉപേക്ഷിച്ചത്

ഈ പ്രവൃത്തിക്ക് 03/08/2018 തിയ്യതിയിൽ 340/AEE/2018-19 നമ്പർ പ്രകാരം ഭരണാനുമതിയും 30/07/2018 തിയ്യതിയിലെ LSGD/TS/2018-19 /39741 നമ്പർ പ്രകാരം സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. സൈറ്റ് പ്ലാനിൽ ബസ്സ്സ്റ്റാൻഡിനോട് ചേർന്ന് പ്രൊപ്പോസ്ഡ് ബിൽഡിംഗ് കാണിച്ചിട്ടുണ്ട്. പിന്നീട് ടെൻഡർ വിളിക്കുകയും ശ്രീ. ഡെൽഫിൻ പോൾ എന്നയാളിന്റെ ടെൻഡർ 24/12/2018 ലെ 1(7) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 32/2018-19 /ae/lsgd/malagp തിയ്യതി 05.01.2019 പ്രകാരം ശ്രീ.ഡെൽഫിൻ പോളുമായി ചേർന്ന് കരാർ ഒപ്പിടുകയും 05/01/2019 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയുമുണ്ടായി. 10/07/2019 ന് സ്ഥലം ലഭ്യമല്ല എന്നു കാണിച്ച് ഡെൽഫി പോൾ കത്തു നൽകി. തുടർന്ന് പദ്ധതി നടത്താനാവില്ല എന്ന് കാണിച്ച് എ.ഇ യും കത്ത് നൽകിയിട്ടുണ്ട് (A1/AE/LSGD/MALA). എന്നാൽ പഞ്ചായത്ത് ഭരണ സമിതി ഈ പ്രോജക്ട് 19-20 വർഷത്തേക്ക് സ്പിൽ ഓവർ ആക്കാനാകില്ല എന്ന് 30/05/2019 ന് 01 നമ്പർ ആയി തീരുമാനം എടുത്തിട്ടുണ്ട്. ഇതിൽ നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശ ഉണ്ടോ എന്ന് വ്യക്തമല്ല.

ഈ പ്രോജക്ടിലും മേൽപ്രകാരം പ്രാഥമിക നടപടികൾ പൂർത്തിയാക്കിയ ഒരു പ്രവൃത്തിയുടെ സൈറ്റ് പോലും ഹാൻഡ് ഓവർ ചെയ്തതിനു ശേഷം സ്ഥലം ലഭ്യമായില്ല എന്ന ന്യായത്തിൽ ഉപേക്ഷിക്കാനിടയായതിന്റെ നിയമപരമായ ഒരു സാധുതയും പഞ്ചായത്തിന് നൽകാനായിട്ടില്ല.

## 1-42 ഇമൽഷൻ സമയത്തിന് ലേലം ചെയ്യാതെ പഞ്ചായത്തിന് 292959 രൂപയുടെ നഷ്ടം വരുത്തി

തൃശ്ശൂർ ജില്ലാ ധനകാര്യപരിശോധനാ സ്ക്വാഡും മാള അസി.എഞ്ചിനീയറുടെ കാര്യാലയവും സംയുക്തമായി 12/12/2019 തിയ്യതിയിൽ നടത്തിയ ഭൗതീക പരിശോധനയിൽ കരാറുകാരുടെ കൈവശമുണ്ടായിരുന്ന ബിറ്റുമിന്റേയും ഇമൽഷന്റേയും അളവിൽ നിയമാനുസൃതമല്ലാത്തതിനേക്കാൾ അധികമുള്ളത് കണ്ടെത്തി പഞ്ചായത്തിലേക്ക് കണ്ടു കെട്ടാൻ നിർദ്ദേശിച്ചിരുന്നു. ലേല നടപടികൾക്ക് 30-12-2019 ൽ നടന്ന പഞ്ചായത്ത് ഭരണസമിതി 01(02) നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് 06/05/2020 തിയ്യതിയിൽ അസി.എഞ്ചിനീയർ, A2/AE/LSGD/MALA നമ്പർ കത്ത് പ്രകാരം താഴെ ചേർക്കുന്ന അളവ് ബിറ്റുമിനും, എമൽഷനും മാർക്കറ്റ് റേറ്റ് പ്രകാരം ലേലം ചെയ്ത് തുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

| Sl.No | Item | Balance Qty | Rate | Amount |
|---|---|---|---|---|
| 1 | Bitumen VG 30 | 4.19 Barell | 6857/Barell | 28731 |
| 2 | Emulsion RS1 | 9.74 Barell | 8904/Barell | 86724 |
| 3 | Emulsion Ss1 | 13.99 Barell | 12425/Barell | 173825 |
| 4 | Open Barell | 13 Barell | 283/Barell | 3679 |

മുകളിൽ ചേർത്ത പട്ടികയിലെ ഇനങ്ങൾ ലേലം ചെയ്തിരുന്നുവോ എന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു. 28/10/2021 ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഇതു പ്രകാരം ആദ്യ ലേലം നടന്നിരിക്കുന്നത് 17/08/2021 ൽ മാത്രമാണ്. 17/08/2021 ൽ നടന്ന ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനെത്തുടർന്ന് 04/10/2021 ൽ പുനർലേലം നടത്തിയിട്ടുണ്ട്. ഇതിൽ V.G. 30 മാത്രം 16900 രൂപക്ക് ഒരാൾ ലേലം കൊണ്ടതായും അറിയിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ലേലത്തുക ലേലം കൊണ്ടയാൾ 28/10/2021 വരെ അടച്ചിട്ടില്ല എന്നും കണ്ടു. ഓഡിറ്റ് പരിശോധനയുടേയും പഞ്ചായത്ത് സമർപ്പിച്ച മറുപടിയുടേയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് മേൽനടപടിയിൽ താഴെ ചേർക്കുന്ന കാരണങ്ങളാൽ 2,92,959 രൂപയുടെ നഷ്ടം സംഭവിച്ചതായി ഓഡിറ്റ് കണക്കാക്കുന്നു.

1. എമൽഷൻ Ss1, Rs1 എന്നിവ ഒരു വർഷം മാത്രം കാലാവധി ഉള്ളതാണ്. ഇത് എമൽഷൻ ബാരലിന്റെ മുകളിൽ പ്രത്യേകം

എഴുതിച്ചേർത്തിട്ടുണ്ട്. (Best Before One Year From The Date Of Packing) 12/12/2019 ൽ പരിശോധന നടത്തി പിടിച്ചെടുക്കുകയും 06/05/2020 ൽ വാല്യുവേഷൻ സമർപ്പിക്കുകയും ചെയ്ത ശേഷം 17/08/21 വരെ യാതൊരു നടപടിയും കൈക്കൊള്ളാതെ ലേലം വൈകിപ്പിച്ചതിന് മതിയായ ഒരു കാരണവും പഞ്ചായത്തിന് സമർപ്പിക്കാനായിട്ടില്ല. ഈ സമയം കൊണ്ട് എമൽഷന്റെ കാലാവധി കഴിഞ്ഞിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിലും മാള ഗ്രാമ പഞ്ചായത്തിന്റേതായ മരാമത്ത് പണികളുടെ ലേലനടപടികൾ 04/05/2020, 11/05/2020, 19/05/2020 എന്നിങ്ങനെ തുടർച്ചയായി നടന്നിട്ടുള്ളതാണ്. അതായത് ലേലനടപടികൾ വൈകിപ്പിച്ചതിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ മനപൂർവ്വമായ വീഴ്ച വരുത്തിയിട്ടുണ്ട്. എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചതിനോടടുത്ത് തന്നെ ലേലം നടന്നിരുന്നവെങ്കിൽ കാലാവധി കവിയുന്നതിനു മുമ്പു തന്നെ കരാറുകാർക്ക് ഇമൽഷൻ ലേലത്തിൽ പങ്കെടുക്കാൻ കഴിയുമായിരുന്നു. ഒരു വർഷം കാലാവധി കഴിഞ്ഞ ഇമൽഷൻ ഉപയോഗിക്കാനനുവദിക്കുകയില്ല എന്ന് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇക്കാരണത്താലാണ് കരാറുകാർ ഇമൽഷൻ ലേലത്തിൽ നിന്ന് പിൻമാറിയത് എന്ന് വ്യക്തമാണ്. ആയതിനാൽ നിരുത്തരവാദ സമീപനത്തിലൂടെ ഗ്രാമപഞ്ചായത്തിന് എമൽഷന്റെ വാല്യേഷൻ വില പ്രതീക്ഷിത വരവായി കണക്കാക്കിയാൽ ലഭിക്കുമായിരുന്ന 2,92,959 രൂപ നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവേ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

I. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | DR.രാജു ഡേവിസ് ഇന്റർനാഷണൽ സ്കൂൾ | I,II |
| 2 | മാളവീയം കുറീസ് | II |
| 3 | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് | II |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.42/19-20, തീയതി:01.11 .2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

II. നെറ്റ് സാലറിയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി

2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്ററും സ്ഥാപന ഉടമകൾ സമർപ്പിച്ചിരിക്കുന്ന റിട്ടേണുകളും ഒത്തു നോക്കിയപ്പോൾ St. Joseph's English Medium School, Pazhookkara എന്ന സ്ഥാപനം ജീവനക്കാരുടെ ഗ്രോസ് സാലറിയ്ക്ക് പകരം ESI+PF തുക കിഴിച്ച് നെറ്റ് സാലറിയുടെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത്. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| 2019-20 അർദ്ധ വർഷം – I | | | | | |
|---|---|---|---|---|---|
| ക്രമ നം. | ജീവനക്കാരന്റെ പേര് | ഗ്രോസ് സാലറി | നെറ്റ് സാലറി പ്രകാരം ഈടാക്കിയ തുക | ഗ്രോസ് സാലറി പ്രകാരം ഈടാക്കേണ്ടിയിരുന്ന തുക | കുറവ് |
| 1 | Jose K Kalan | 198800 | 1000 | 1250 | 250 |

| | | | | | |
|---|---|---|---|---|---|
| 2 | Sr.Fiji Joseph | 102200 | 750 | 1000 | 250 |
| 3 | Sindhu John | 82400 | 600 | 750 | 150 |
| 4 | Sinda K L | 82400 | 600 | 750 | 150 |
| 5 | Sharlet Paiva | 75166 | 600 | 750 | 150 |
| 6 | Saumia.P.S. | 61643 | 450 | 600 | 150 |
| 7 | Roshni Joseph | 81000 | 600 | 750 | 150 |
| 8 | Jimcy Alapatt | 60800 | 450 | 600 | 150 |
| 9 | Padm Bhatt N | 60000 | 450 | 600 | 150 |
| 10 | Baby Kurian | 60000 | 450 | 600 | 150 |
| 11 | Bincy Varghese | 45000 | 300 | 450 | 150 |
| 12 | Shiny Babu | 62400 | 450 | 600 | 150 |
| | ആകെ | | | | 2000 |

2019-20 അർദ്ധ വർഷം – II

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഗ്രോസ് സാലറി | നെറ്റ് സാലറി പ്രകാരം ഈടാക്കിയ തുക | ഗ്രോസ് സാലറി പ്രകാരം ഈടാക്കേണ്ടിയിരുന്ന തുക | കുറവ് |
|---|---|---|---|---|---|
| 1 | Tephy D Kadambat | 60600 | 450 | 600 | 150 |
| 2 | Sr.Fiji Joseph | 102900 | 750 | 1000 | 250 |
| 3 | Sindhu John | 83100 | 600 | 750 | 150 |
| 4 | Sinda.V.C. | 83100 | 600 | 750 | 150 |
| 5 | Sharlet Paiva | 76500 | 600 | 750 | 150 |
| 6 | Saumia.P.S. | 67952 | 450 | 600 | 150 |
| 7 | Beena M Joseph | 60000 | 450 | 600 | 150 |
| 8 | Jijoy P Francis | 60000 | 450 | 600 | 150 |
| 9 | Pavitha.C.P. | 61200 | 450 | 600 | 150 |
| 10 | Sr.Kiran Puniawati | 60000 | 450 | 600 | 150 |
| 11 | Namitha Vazhappilly | 60600 | 450 | 600 | 150 |
| 12 | Rachana Ravindran | 60000 | 450 | 600 | 150 |
| 13 | Rani Johny | 60600 | 450 | 600 | 150 |
| 14 | Shiny Babu | 63000 | 450 | 600 | 150 |
| | | | | ആകെ | 2200 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 43/01.11.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഗ്രോസ് സാലറിയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേലാൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-2 ഇമൽഷൻ സമയത്തിന് ലേലം ചെയ്ത് നൽകിയില്ല. പഞ്ചായത്തിന് 292959 രൂപയുടെ നഷ്ടം

തൃശ്ശൂർ ജില്ലാ ധനകാര്യപരിശോധനാ സ്ക്വാഡും മാള അസി.എഞ്ചിനീയറുടെ കാര്യാലയവും സംയുക്തമായി 12/12/2019

തിയ്യതിയിൽ നടത്തിയ ഭൗതീക പരിശോധനയിൽ കരാറുകാരുടെ കൈവശമുണ്ടായിരുന്ന ബിറ്റുമിന്റേയും ഇമൽഷന്റേയും അളവിൽ നിയമാനുസൃതമല്ലാത്തതിനേക്കാൾ അധികമുള്ളത് കണ്ടെത്തി പഞ്ചായത്തിലേക്ക് കണ്ടു കെട്ടാൻ നിർദ്ദേശിച്ചിരുന്നു. ലേല നടപടികൾക്ക് 30-12-2019 ൽ നടന്ന പഞ്ചായത്ത് ഭരണസമിതി 01(02) നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് 06/05/2020 തിയ്യതിയിൽ അസി.എഞ്ചിനീയർ, A2/AE/LSGD/MALA നമ്പർ കത്ത് പ്രകാരം താഴെ ചേർക്കുന്ന അളവ് ബിറ്റുമിനും, എമൽഷനും മാർക്കറ്റ് റേറ്റ് പ്രകാരം ലേലം ചെയ്ത് തുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

| Sl.No | Item | Balance Qty | Rate | Amount |
|---|---|---|---|---|
| 1 | Bitumen VG 30 | 4.19 Barell | 6857/Barell | 28731 |
| 2 | Emulsion RS1 | 9.74 Barell | 8904/Barell | 86724 |
| 3 | Emulsion Ss1 | 13.99 Barell | 12425/Barell | 173825 |
| 4 | Open Barell | 13 Barell | 283/Barell | 3679 |

മുകളിൽ ചേർത്ത പട്ടികയിലെ ഇനങ്ങൾ ലേലം ചെയ്തിരുന്നുവോ എന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു. 28/10/2021 ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഇതു പ്രകാരം ആദ്യ ലേലം നടന്നിരിക്കുന്നത് 17/08/2021 ൽ മാത്രമാണ്. 17/08/2021 ൽ നടന്ന ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനെത്തുടർന്ന് 04/10/2021 ൽ പുനർലേലം നടത്തിയിട്ടുണ്ട്. ഇതിൽ V.G. 30 മാത്രം 16900 രൂപക്ക് ഒരാൾ ലേലം കൊണ്ടതായും അറിയിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ലേലത്തുക ലേലം കൊണ്ടയാൾ 28/10/2021 വരെ അടച്ചിട്ടില്ല എന്നും കണ്ടു. ഓഡിറ്റ് പരിശോധനയുടേയും പഞ്ചായത്ത് സമർപ്പിച്ച മറുപടിയുടേയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് മേൽനടപടിയിൽ താഴെ ചേർക്കുന്ന കാരണങ്ങളാൽ 2,92,959 രൂപയുടെ നഷ്ടം സംഭവിച്ചതായി ഓഡിറ്റ് കണക്കാക്കുന്നു.

1. എമൽഷൻ Ss1, Rs1 എന്നിവ ഒരു വർഷം മാത്രം കാലാവധി ഉള്ളതാണ്. ഇത് എമൽഷൻ ബാരലിന്റെ മുകളിൽ പ്രത്യേകം എഴുതിച്ചേർത്തിട്ടുണ്ട്. (Best Before One Year From The Date Of Packing) 12/12/2019 ൽ പരിശോധന നടത്തി പിടിച്ചെടുക്കുകയും 06/05/2020 ൽ വാല്യുവേഷൻ സമർപ്പിക്കുകയും ചെയ്ത ശേഷം 17/08/21 വരെ യാതൊരു നടപടിയും കൈക്കൊള്ളാതെ ലേലം വൈകിപ്പിച്ചതിന് മതിയായ ഒരു കാരണവും പഞ്ചായത്തിന് സമർപ്പിക്കാനായിട്ടില്ല. ഈ സമയം കൊണ്ട് എമൽഷന്റെ കാലാവധി കഴിഞ്ഞിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിലും മാള ഗ്രാമ പഞ്ചായത്തിന്റേതായ മരാമത്തു പണികളുടെ ലേലനടപടികൾ 04/05/2020, 11/05/2020, 19/05/2020 എന്നിങ്ങനെ തുടർച്ചയായി നടന്നിട്ടുള്ളതാണ്. അതായത് ലേലനടപടികൾ വൈകിപ്പിച്ചതിൽ ഉത്തരവാദിയായ ഉദ്യേഗസ്ഥൻ മനപൂർവ്വമായ വീഴ്ച വരുത്തിയിട്ടുണ്ട്. എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചതിനോടടുത്ത് തന്നെ ലേലം നടന്നിരുന്നുവെങ്കിൽ കാലാവധി കവിയുന്നതിനു മുമ്പ് തന്നെ കരാറുകാർക്ക് ഇമൽഷൻ ലേലത്തിൽ പങ്കെടുക്കാൻ കഴിയുമായിരുന്നു. ഒരു വർഷം കാലാവധി കഴിഞ്ഞ ഇമൽഷൻ ഉപയോഗിക്കാനനുവദിക്കുകയില്ല എന്ന് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇക്കാരണത്താലാണ് കരാറുകാർ ഇമൽഷൻ ലേലത്തിൽ നിന്ന് പിൻമാറിയത് എന്ന് വ്യക്തമാണ്. ആയതിനാൽ നിരുത്തരവാദ സമീപനത്തിലൂടെ ഗ്രാമപഞ്ചായത്തിന് എമൽഷന്റെ വാല്വേഷൻ വില പ്രതീക്ഷിത വരവായി കണക്കാക്കിയാൽ ലഭിക്കുമായിരുന്ന 2,92,959 രൂപ നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 736202 | ലൈഫ് | ലഭ്യമല്ല | |
| | | 500000 | ശാരീരികമാനസികവെല്ലുവിളി സ്കോളർഷിപ്പ് | 497300 | 2700 |

| | | | | | |
|---|---|---|---|---|---|
| | | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 250000 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 500000 | മാമ്പിള്ളി റോഡ് | 500000 | |
| | | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | |
| | | 200000 | ശാരീരികമാനസികവെല്ലുവിളി സ്കോളർഷിപ്പ് | 200000 | |

ബാലൻസ് ഷീറ്റിൽ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ ബാലൻസ് ആയി 4,79,135 രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 13,77,462/- രൂപയും ബാലൻസ് ഉണ്ട്. എന്നാൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ഹാജരാക്കാൻ പഞ്ചായത്തിനായിട്ടില്ല. ലഭ്യമായ വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

വാർഷിക കണക്കിൽ 9,91,185/- രൂപ ഡെപ്പോസിറ്റ് ബാലൻസ് ക്രമീകരിക്കാനുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ലഭ്യമായ വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21901522 | 108119 | | |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21901448 | 100000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് | | 30,27,106 | 1829845 | 1197261 | 3,82,353 | - | 26,44,753 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 18124388 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 2652230 | |
| 3 | ആകെ | 20776618 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20776618 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, | 20776618 |

| | | |
|---|---|---|
| | മാള | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രശീതി നം/തിയതി |
|---|---|---|---|---|
| 2017-18 | 2-6(2) | 2500 | പ്രിൻസിപ്പാൾ,ഹോളിഗ്രേയ്സ് അക്കാദമി,മാള | 119030101599/4-6-2019 |
| 2017-18 | 2-6(2) | 900 | മെറ്റ്സ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് | 119030101666/7-6-2019 |
| 2017-18 | 2-6(4) | 1500 | ജോണി.പി.വി. ഡ്രൈവർ മാള ഗ്രാമപഞ്ചായത്ത് | 119030101716/10-6-2019 |
| 2017-18 | 2-6(4) | 1500 | മാലതി.സി.എൻ.എഫ് ടി എസ്, മാള ഗ്രാമപഞ്ചായത്ത് | 119030101806/13-6-2019 |
| 2017-18 | 2-6(2) | 150 | മാക്സ് വാല്യൂ ഇൻവെസ്റ്റ്മെന്റ്സ് | 119030101840/15-6-2019 |
| 2017-18 | 2-6(2) | 150 | ഗോകുൽദാസ് | 119030101841/15-6-2019 |
| 2017-18 | 2-6(2) | 550 | ഫ്രെഡി വർഗീസ് | 119030101842/15-6-2019 |
| 2017-18 | 2-6(4) | 900 | അബ്ദുൾ ലത്തീഫ്, ഡ്രൈവർ, മാള ഗ്രാമപഞ്ചായത്ത് | 119030102223/2-7-2019 |
| 2017-18 | 2-6(4) | 1500 | ഉഷാ ബാലൻ, എഫ് ടി എസ് | 119030102229/2-7-2019 |
| 2013-14 | 2(2) | 300 | സജീർ.എം.എസ് | 119030101920/18-6-2019 |
| 2013-14 | 2(2) | 300 | ഡോ.സി.എസ്.ജോർജ് | 119030102001/21-6-2019 |
| 2013-14 | 2(2) | 300 | ഏലമ്മ ജേക്കബ് | 119030102005/21-6-2019 |
| 2013-14 | 2(3) | 1250 | എൽ ഐ സി മാള | 119030500012/26-6-2019 |
| 2017-18 | 2(2) | 40 | ജീമോൻ, മേനാച്ചേരി | 119080102456/ 15-7-19 |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3(2) | 2016-17 | 3(2) | ഫുഡ്കോർട്ട് നിർമാണം-അപാകതകൾ-പ്രത്യേക ഘടകപദ്ധതി | ന്യൂനതാപരിഹാരപത്രിക നിയമസഭാസമിതിയിൽ സമർപ്പിക്കുന്നതിനായി അസി.ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

പഞ്ചായത്ത് വിവരം ലഭ്യമാക്കിയില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84632759 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69009600 |
| വരവിനങ്ങളിലുള്ള നഷ്ടം | 297159 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1068779 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4200 | | മധുസൂദനൻ. ടി.ജി., സെക്രട്ടറി |
| 2-2 | 292959 | | മധുസൂദനൻ. ടി.ജി., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 10090 | ടി.ജി.മധുസൂദനൻ, സെക്രട്ടറി |
| 1-37 | 1058689 | ടി.ജി.മധുസൂദനൻ, സെക്രട്ടറി |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മധുസൂദനൻ.ടി.ജി. | സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | മധുസൂദനൻ.ടി.ജി., ശ്രീനിലയം, ഒക്കൽ.പി.ഒ., എറണാകുളം, 683550 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | എൽ.എഫ്.ടി.പി.12-465/98/26.9.98 |
| 97-98,ചെലവ് | എൽ.എഫ്.ടി.പി.13-1108/99/18.3.00 |
| 97-98,വരവ് | എൽ.എഫ്.ടി.13-1597/01/17.4..02/2.8.02 |
| 98-99,ചെലവ് | എൽ.എഫ്.ടി.13- -345/00/13.2.00 |
| 98-99 വരവ് | എൽ.എഫ്.ടി.13-1596/01/17.4.02/2.8.02 |
| 99-00 | എൽ.എഫ്.ടി..13-1379/02/7.5.03 |
| 2000-01 | എൽ.എഫ്.ടി..13-1657/01/3.3.02 |
| 01-02 | എൽ.എഫ്.ടി.13-1355/06/3.1.06 |
| 01-02,പ്ലാൻ | എൽ.എഫ്.ടി.13-1529/04/1.7.04 |
| 02-03 | എൽ.എഫ്.ടി.(പി.4)51/14/14.3.14/3.7.14 |
| 03-04 | |
| 04-05 | |
| 05-06 | |
| 06-07 | |
| 07-08 | എൽ.എഫ്.ടി.പി.4-1903/11/31.12.11 |
| 08-09 | എൽ.എഫ്.ടി.പി4/1904/12/31.12.11/09.03.12 |
| 09-10,10-11 | എൽ.എഫ്.ടി.പി4-1905/12/18.02.13/16.07.13 |
| 11-12 | എൽ.എഫ്.ടി.പി4/1415/ 13/10.03.14 /02.05.14 |

| | |
|---|---|
| 12-13 | എൽ.എഫ്.ടി.പി4/1719/ 14/4.2.15/10.2.15 |
| 13-14 | കെഎസ്എ ടിഎസ്ആർ(പി4) 1195/15 /15.10.15/21.10.15 |
| 14-15 | ടിഎസ്ആർ(പി4) 1210/16/22.07.16 |
| 2015-16 | നം.കെ.എസ്.എ. ടി.എസ്.ആർ. (പി-4)/1907/16 തീയതി: 11.11.2016 |
| 2016-17 | കെ.എസ്.എ. ടി.എസ്.ആർ.(പി-4)1417/2017 /4.10.17/9.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി4)419/2019 തിയതി.25.03.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി4)1786/2019 തിയ്യതി : 06/02/2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്